## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1039

10.06.2019-ലെ മറുപടി

### കുന്നത്താനം, കല്ലൂപ്പാറ, പുറമറ്റം പഞ്ചായത്തുകൾക്കുള്ള ശുദ്ധജലപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മാത്യു റ്റി.തോമസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കുന്നത്താനം, കല്ലൂപ്പാറ, പുറമറ്റം എന്നീ പഞ്ചായത്തുകൾക്കായുള്ള ശുദ്ധജല പദ്ധതി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കുന്നത്താനം, കല്ലൂപ്പാറ, പുറമറ്റം എന്നീ പഞ്ചായത്തുകൾക്കായുള്ള ശുദ്ധജലപദ്ധതിയുടെ 40 MLD ജലശുദ്ധീകരണശാല നിർമിക്കുവാൻ ഉദ്ദേശിക്കുന്ന കോയിപ്പുറം പഞ്ചായത്തിൽ ഉൾപ്പെട്ട സ്ഥലത്തെ സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയിൽ കേസ് ഉള്ളതുകൊണ്ട് സ്ഥലം ഏറ്റെടുക്കൽ നടപടിയിൽ തടസ്സം നേരിടുന്നു. |
| (ബി) | സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച് കോടതി പുറപ്പെടുവിച്ച നിരോധനങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ജലശുദ്ധീകരണശാല നിർമ്മിക്കാൻ ഉദ്ദേശിച്ച സ്ഥലത്തിന്റെ ഉടമകൾ ഉൾപ്പെട്ട ഒരു കമ്പനി സ്ഥലം ഏറ്റെടുക്കലിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹൈക്കോടതി ഉത്തരവിൻ പ്രകാരം ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഉചിത തീരുമാനം കൈക്കൊള്ളുകയും ചെയ്തതിനെ തുടർന്ന് ഈ കേസിൽ നിലവിൽ കോടതിയുടെ നിരോധനമില്ല. എന്നാൽ സ്ഥലമുടമകൾ ഉൾപ്പെട്ട മറ്റൊരു കമ്പനി വീണ്ടും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് ഉചിതമായ നടപടികൾ സ്വീകരിച്ചതിനു ശേഷമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവൂ എന്ന് ബഹു: ഹൈക്കോടതി ഇടക്കാല ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (സി) | നിലവിലുള്ള കേസിൽ വസ്തുതകൾ ബഹു. ഹൈക്കോടതി മുമ്പാകെ ബോധ്യപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**